I ഇ.ബി. XV - കേരള നിയമസഭ/III-3

# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ഒക്ടോബർ 6, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

എൻഡോസൾഫാൻ ദുരിതബാധിതർ നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: എൻഡോസൾഫാൻ പുനരധിവാസ പദ്ധതികളെ ഏകോപിപ്പിക്കുന്ന റെമഡിയേഷൻ സെൽ നിഷ്ക്രിയമായതിനെത്തുടർന്ന്

ആനുകൂല്യങ്ങളും നഷ്ടപരിഹാരവും ലഭ്യമാകാത്തതുമൂലം എൻഡോസൾഫാൻ ദുരിതബാധിതർ പ്രതിസന്ധിയിലായതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, സജീവ് ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രവർത്തിച്ചുവരുന്ന റെമഡിയേഷൻ സെൽ പുന:സംഘടിപ്പിക്കാനുള്ള നടപടികൾ നടന്നുവരികയാണ്. ജില്ലാതല അവലോകന സമിതി ഓഗസ്റ്റ് മാസത്തിൽ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇവർക്ക് നഷ്ടപരിഹാരം, ചികിത്സാ ധനസഹായം എന്നീ ആനുകൂല്യങ്ങളും മൊബൈൽ മെഡിക്കൽ യൂണിറ്റ്, സൗജന്യ യാത്രാ സൗകര്യങ്ങൾ, വൈദ്യുതി ഇളവ് എന്നിവയും നൽകിയിട്ടുണ്ട്; കൂടാതെ സ്നേഹ സാന്ത്വനം പദ്ധതിവഴിയും ആനുകൂല്യങ്ങൾ

നൽകിവരുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാകുകയും ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. മൂളിയാറിൽ ദുരിതബാധിതർക്ക് പുനരധിവാസ വില്ലേജ് നിർമ്മിക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇവരുടെ പുനരധിവാസവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് ജില്ല എൻഡോസൾഫാൻ ബാധിതരുടെ ദുരന്ത ഭൂമിയായിട്ടാണ് കണക്കാക്കപ്പെടുന്നത്. കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിച്ച പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്ന് നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടെന്നും ഇവരുടെ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി മൂളിയാറിൽ പുനരധിവാസ വില്ലേജ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും സുപ്രീംകോടതി വിധിപ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്നും സർക്കാർ അറിയിച്ചതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കണം. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിലുൾപ്പെടുത്താനുള്ള മെഡിക്കൽ പരിശോധന ഉദാരമാക്കണമെന്നും

അർഹരായവരെ പട്ടികയിലുൾപ്പെടുത്തി എല്ലാ സഹായവും നൽകണമെന്നുള്ള മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വ്യക്തമാക്കണം. പ്ലാന്റേഷൻ കോർപ്പറേഷൻ ഹെലികോപ്റ്റർ ഉപയോഗിച്ച് ആകാശമാർഗ്ഗം എൻഡോസൾഫാൻ തളിക്കാൻ തുടങ്ങിയതോടെ വായുവും ജലവും മണ്ണും വിഷലിപ്തമാവുകയും നാഡീവ്യൂഹങ്ങളെയും കരളിനെയും ബാധിക്കുന്ന രോഗങ്ങൾ, ക്യാൻസർ, അപസ്മാരം, ശാരീരിക/മാനസിക വൈകല്യങ്ങൾ എന്നിവ വ്യാപകമാവുകയും ചെയ്തു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതുവഴി തെരഞ്ഞെടുക്കപ്പെട്ടവരെ വിവിധ വിഭാഗങ്ങളായി തിരിച്ച് സാമ്പത്തിക സഹായം, സൗജന്യ ചികിത്സ, ബാങ്ക് കടം എഴുതിത്തള്ളൽ, വിദ്യാഭ്യാസ സ്കോളർഷിപ്പ്, പ്രതിമാസ പെൻഷൻ, വൈദ്യുതി നിരക്കിൽ ഇളവ്, സൗജന്യ റേഷൻ എന്നിവ നൽകിവരികയും ചെയ്യുന്നു. ഇവർക്കായി വിവിധ പുനരധിവാസ പദ്ധതികളും മെഡിക്കൽ ക്യാമ്പും നടത്തിവരുന്നു. സ്വകാര്യ ആശുപത്രികളിൽ സമർപ്പിക്കുന്ന ബില്ലുകളിൽ

ഓഡിറ്റ് നടത്തുന്നതിനായി ദേശീയ ആരോഗ്യ ദൗത്യം കാസർഗോഡ് കാര്യാലയത്തെ ചുമതലപ്പെടുത്തുന്നതാണ്. റെമഡിയേഷൻ സെൽ ഉടൻതന്നെ പ്രവർത്തനക്ഷമമാക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനമുണ്ടാകണം. റെമഡിയേഷൻ സെൽ കൃത്യമായി യോഗം ചേരുന്നതിന് നടപടി സ്വീകരിക്കണം. മെഡിക്കൽ ക്യാമ്പിൽ കണ്ടെത്തിയ 1031 പേരെക്കൂടി ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തുകയും ഇവർക്ക് വിദഗ്ദ്ധ ചികിത്സാസൗകര്യം ലഭ്യമാക്കുകയും വേണം. ദുരിതബാധിതർക്ക് നഷ്ടപരിഹാരവും ആജീവനാന്ത ചികിത്സയും ലഭ്യമാക്കണമെന്ന സുപ്രീംകോടതി വിധി നടപ്പാക്കണം. മുഴുവൻ ദുരിതബാധിതരുടെയും കടബാധ്യത എഴുതിത്തള്ളുന്നതിനോടൊപ്പം ഇവരെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുകയും പെൻഷൻ തുക വർദ്ധിപ്പിക്കുകയും വേണം. 2019 ഫെബ്രുവരി 3-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ

നടപ്പാക്കുന്നതുൾപ്പെടെയുള്ള ഉറപ്പുകൾ പാലിക്കണം.

## II ശ്രദ്ധക്ഷണിക്കൽ

### (1) വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനം

ശ്രീ. എച്ച്. സലാം: കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങൾ തുറക്കുന്നതിനും ഈ മേഖലയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരെ സംരക്ഷിക്കുന്നതിനും നെഹ്റുട്രോഫി വള്ളംകളി പുനരാരംഭിക്കുന്നതിനും കാരവൻ, അഗ്രി ടൂറിസം പദ്ധതികളുടെ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സഞ്ചാരികളെ ആകർഷിക്കുന്നതിനായി 'സുരക്ഷിത കേരളം സുരക്ഷിത ടൂറിസം' എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. നൂറ് ശതമാനം വാക്സിനേറ്റഡ് ടൂറിസം കേന്ദ്രങ്ങൾ എന്ന ലക്ഷ്യത്തോടെ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ വൈത്തിരിയിൽ പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നെഹ്റുട്രോഫി വള്ളംകളി പുനരാരംഭിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നവർക്കായി നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കാരവൻ,

അഗ്രി ടൂറിസം പദ്ധതികളുടെ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (2) സ്കിൽ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരണം

ഡോ. എം. കെ. മുനീർ: വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽ-നൈപുണ്യ പരിശീലന പരിപാടികൾ ഏകോപിപ്പിക്കുന്നതിനായി ഒരു സ്കിൽ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കാനും നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട നയം പ്രഖ്യാപിക്കാനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): നൈപുണ്യ വികസനം ഏകോപിപ്പിക്കാനുതകുന്ന രീതിയിലുള്ള നൈപുണ്യ വികസന നയത്തിന് അന്തിമരൂപം നൽകുന്നതാണ്. തൊഴിൽമേഖലയുടെ ഗുണവും കാര്യക്ഷമതയും വർദ്ധിപ്പിച്ച് ഉൽപ്പാദനക്ഷമത, സാമ്പത്തിക വളർച്ച എന്നിവ കൈവരിക്കുന്നതിനും യുവജനതയെ തൊഴിൽ നൈപുണ്യമുള്ളവരാക്കി മാറ്റുന്നതിനും ദേശീയ/സംസ്ഥാന/ജില്ലാതലങ്ങളിലുള്ള നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-നെ സംസ്ഥാന നൈപുണ്യ വികസന മിഷനായി

ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കൗൺസിലും ഹൈ പവർ കമ്മിറ്റിയും ബിസിനസ് അഡ്വൈസറി കമ്മിറ്റിയും രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രത്യേകമായ സ്കിൽ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC)-ന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് തൊഴിൽ സാധ്യത സൃഷ്ടിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അഭ്യസ്തവിദ്യരായ, തൊഴിലില്ലാത്ത വീട്ടമ്മമാർ/ജോലി ഉപേക്ഷിച്ചവർ തുടങ്ങിയവർക്ക് 'വർക്ക് ഫ്രം ഹോം' അടിസ്ഥാനത്തിൽ വീടുകളിലോ, വീടിനടുത്തോ തൊഴിൽ നൽകാൻ കഴിയുന്ന പദ്ധതി പ്രാവർത്തികമാക്കാനുള്ള നടപടികളുടെ ഭാഗമായി തൊഴിലുമായി ബന്ധപ്പെട്ട സ്കിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്. നല്ലൊരു വിഭാഗം ജനങ്ങളെ സ്കിൽ ഡെവലപ്മെന്റ് സ്കീമിന്റെ ഭാഗമാക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്.

## III. സബ്മിഷൻ

### 1. സാമ്പത്തിക തട്ടിപ്പ്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): പോപ്പുലർ ഫിനാൻസ് കമ്പനി സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിനും തട്ടിപ്പിന് വിധേയരായവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പോപ്പുലർ ഫിനാൻസ് കമ്പനി സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് 4741 കേസുകൾ സി.ബി.ഐ. ഏറ്റെടുത്ത് അന്വേഷണം നടത്തിവരുന്നു. കേസിന്റെ നടപടിക്രമങ്ങളുടെ ഭാഗമായി Banning of Unregulated Deposit Schemes Act, 2019 (BUDS Act) പ്രകാരം ആഭ്യന്തര വകുപ്പ് മുൻ സെക്രട്ടറിയേയും ധനകാര്യ റിസോഴ്സസ് ഓഫീസറേയും കോമ്പീറ്റന്റ് അതോറിറ്റികളായും അവരെ സഹായിക്കുന്നതിനുള്ള ഓഫീസർമാരായി ജില്ലാ കളക്ടർമാരെയും നിയോഗിച്ചിട്ടുണ്ട്. പോപ്പുലർ ഫിനാൻസ് സ്ഥാപനത്തിന്റെ എല്ലാ ശാഖകളും അടച്ചുപൂട്ടി സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടുകെട്ടി ക്രയവിക്രയങ്ങൾ മരവിപ്പിച്ച് റിപ്പോർട്ട് സി.ബി.ഐ.-ക്ക് കൈമാറുകയും എല്ലാ ജില്ലകളിലും ഓരോ

അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതിയെ വിചാരണ ചെയ്യുന്നതിന് ഡെസിഗ്നേറ്റ് ചെയ്ത് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കേസന്വേഷണത്തിനാവശ്യമായ സഹകരണം സർക്കാർ ഉറപ്പുവരുത്തുന്നതും സാമ്പത്തിക തട്ടിപ്പിന് വിധേയരായവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമാണ്.

## 2. കുടിയൊഴിപ്പിക്കപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം

ശ്രീ. ടി. ഐ. മധുസൂദനൻ: ഏഴിമല നാവിക അക്കാദമിക്കായി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിനും കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഏഴിമല നാവിക അക്കാദമി സ്ഥാപിക്കുന്നതിനുവേണ്ടി കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ രാമന്തളി വില്ലേജിൽപ്പെട്ട 850 ഹെക്ടറിൽപ്പരം ഭൂമി 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഏറ്റെടുക്കുകയും കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് ഉചിതമായ നഷ്ടപരിഹാരം നൽകുകയും ചെയ്തിട്ടുണ്ട്. റഫറൻസ് കോടതി വർദ്ധനവ് അനുവദിച്ചു നൽകിയ വിധിന്യായ പ്രകാരം അപേക്ഷ സമർപ്പിച്ചവർക്ക് നഷ്ടപരിഹാരം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഏകദേശം 223 എൽ.എ.ആർ.

കേസുകൾ പയ്യന്നൂർ സബ് കോടതിയിൽ വിചാരണ ഘട്ടത്തിലായതിനാൽ കോടതിവിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

3. <u>സ്ഥല പരിവർത്തനത്തിന് അനുമതി</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: കിഴുമുറിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലം പരിവർത്തനം ചെയ്യുന്നതിനുള്ള അനുമതി നൽകാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): കിഴുമുറിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് പിറവം നിയോജകമണ്ഡലത്തിലെ രാമമംഗലം വില്ലേജിൽ 141.25 സെന്റ് സ്ഥലം നികത്തുന്നതിന് സമർപ്പിച്ച അപേക്ഷ സംസ്ഥാനതല സമിതി പരിശോധിച്ച് സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടുപ്രകാരം പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്നതിനാൽ അപേക്ഷ നിരസിക്കുകയുണ്ടായി. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചും പാരിസ്ഥിതിക പ്രാധാന്യമുള്ള നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിച്ചുകൊണ്ടും വ്യക്തമായ പരിശോധനയ്ക്ക് ശേഷം മാത്രമേ

പരിവർത്തനാനുമതി നൽകാൻ സാധിക്കുകയുള്ളൂ. പരിവർത്തനാനുമതിയില്ലാതെ പാലം പണി ആരംഭിച്ചത് സംബന്ധിച്ച് പൊതുമരാമത്ത് (പാലം വിഭാഗം) ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ട റിപ്പോർട്ട് ലഭിച്ചശേഷം പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

4. വീടിന് സമീപത്തുള്ള വിദ്യാലയങ്ങളിലേയ്ക്ക് മാറുന്നതിന് അനുമതി

ശ്രീ. എ. എൻ. ഷംസീർ: വിദ്യാർത്ഥികൾക്ക് വീടിനടുത്തുള്ള വിദ്യാലയങ്ങളിലേയ്ക്ക് മാറുന്നതിന് ടി. സി. നൽകാനുള്ള നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ടി. സി. ആവശ്യപ്പെടുന്ന കുട്ടികൾക്ക് പ്രസ്തുത സ്കൂളിലെ പ്രധാന അദ്ധ്യാപകൻ നൽകേണ്ടതും അതിന് വിരുദ്ധമായി പെരുമാറുന്ന ഉദ്യോഗസ്ഥന്റെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതുമാണ്. വിദ്യാർത്ഥികൾ ചേരാൻ ഉദ്ദേശിക്കുന്ന സ്കൂളിന്റെ ഭൗതീക സാഹചര്യംകൂടി കണക്കിലെടുത്തായിരിക്കും ടി. സി. നൽകുന്നത്.

## 5. കർഷകത്തൊഴിലാളി ക്ഷേമനിധി പദ്ധതി പരിഷ്കരണം

ശ്രീ. പി. മമ്മിക്കുട്ടി: കേരള കർഷകത്തൊഴിലാളി ക്ഷേമനിധി പദ്ധതി ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും കുടിശ്ശിക തുക കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭൂവുടമ-തൊഴിലാളി വിഹിതം വർദ്ധിപ്പിച്ചും സർക്കാർ വിഹിതം നിലവിലുള്ള അഞ്ച് രൂപ നിരക്കിൽ നിലനിർത്തിക്കൊണ്ടും കർഷകത്തൊഴിലാളി ആക്ട് ഭേദഗതി വരുത്തുന്നതിന് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്ഷേമനിധി ആക്ട് ഭേദഗതി വരുത്തുന്നതോടെ ബോർഡിന്റെ വരുമാനം വർദ്ധിക്കുകയും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുനൽകാൻ സാധിക്കുകയും ചെയ്യുന്നതാണ്. ബോർഡ് നൽകിവരുന്ന വിവിധ ധനസഹായങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്ന കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. കുടിശ്ശിക വിതരണം ചെയ്യാൻ മുൻ സർക്കാർ 130 കോടി രൂപയും ഈ സാമ്പത്തിക വർഷം 20 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

## 6. പാറപ്പുറം-വല്ലംകടവ് പാലം നിർമ്മാണം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: നിർമ്മാണം മുടങ്ങിയ പാറപ്പുറം-വല്ലംകടവ് പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): എറണാകുളം ജില്ലയിലെ പാറപ്പുറം-വല്ലംകടവ് പാലത്തിന്റെ റീടെണ്ടറിൽ എസ്റ്റിമേറ്റിനെക്കാളും അധികരിച്ച തുക ലഭിച്ചതിനാൽ ടെണ്ടറിന് അനുമതി നൽകണമോയെന്ന കാര്യം പൊതുമരാമത്ത് വകുപ്പ് പരിശോധിക്കുകയാണ്. ധനവകുപ്പിന്റെകൂടി പരിശോധനയ്ക്കുശേഷം മറ്റ് നടപടികളിലേയ്ക്ക് കടക്കാവുന്നതാണ്.

## 7. എൻ.ജി.ഒ. ക്വാർട്ടേഴ്സ് പുതുക്കിപ്പണിയൽ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: കോഴിക്കോട്-കൊല്ലഗൽ നാഷണൽ ഹൈവേയുടെ സമീപമുള്ള കാലപ്പഴക്കംചെന്ന എൻ.ജി.ഒ. ക്വാർട്ടേഴ്സ് പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കോഴിക്കോട് ചേവായൂർ വില്ലേജിൽ പൊതുമരാമത്ത് വകുപ്പിന്റെ

അധീനതയിലുള്ള ജീർണ്ണാവസ്ഥയിലുള്ള എൻ.ജി.ഒ. ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ പുനർ നിർമ്മിക്കാൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ ജീവനക്കാർക്ക് മെച്ചപ്പെട്ട താമസസൗകര്യമൊരുക്കുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നിറവേറ്റുന്നതാണ്.

## 8. റോഡ് നവീകരണ പ്രവൃത്തി

ശ്രീ. കെ. എം. സച്ചിൻദേവ്: കോഴിക്കോട് ജില്ലയിലെ പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ റോഡ് നവീകരണം ത്വരിതപ്പെടുത്തണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് സ്ഥലമേറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള റോഡിന്റെ ഡ്രാഫ്റ്റ് അലൈൻമെന്റിന്റെ ഫീസിബിലിറ്റി പരിശോധിക്കാനും അലൈൻമെന്റ് പ്രകാരം ഡീവിയേഷനുള്ള ഭാഗങ്ങളിൽ അഡീഷണൽ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്താനും കെ.ആർ.എഫ്.ബി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്; ഇവ പൂർത്തിയാക്കി അന്തിമ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ സാമ്പത്തികാനുമതി

ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

## 9. എസ്.എം.എ. രോഗികൾക്ക് സഹായം

ശ്രീ. വി. ആർ. സുനിൽ കുമാർ: സ്പൈനൽ മസ്കുലാർ അട്രോഫി, മസ്കുലാർ ഡിസ്ട്രോഫി രോഗബാധിതരുടെ ചികിത്സയ്ക്കാവശ്യമായ മരുന്നും മറ്റ് സഹായ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനും പുനരധിവാസത്തിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): അപൂർവ്വരോഗം ബാധിച്ച കുട്ടികളുടെ കാര്യത്തിൽ അടിയന്തര നടപടിയെടുക്കണമെന്ന കോടതി ഉത്തരവിനെത്തുടർന്ന് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ അപേക്ഷകൾ സ്വീകരിക്കുന്നതിനും ഫണ്ട് ലഭ്യതയനുസരിച്ച് ചികിത്സ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പൈനൽ മസ്കുലാർ അട്രോഫി ഉൾപ്പെടെയുള്ള അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്ക് ക്രൗഡ് ഫണ്ടിംഗിനായി നടപടിക്രമങ്ങൾ തയ്യാറാക്കുന്നതിനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വി കെയർ പദ്ധതിയിലൂടെ ഫണ്ട് സ്വരൂപിക്കുന്നതിനായി സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സോഷ്യൽ മീഡിയ

കാമ്പയിനിംഗിന് ഒരു ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് തീരുമാനിക്കുകയും സാമൂഹ്യനീതി വകുപ്പ് ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത രോഗ ചികിത്സക്കായി എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളെ അപൂർവ്വ രോഗങ്ങൾക്കായുള്ള ദേശീയ നയത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ജനിതകരോഗങ്ങൾ ഗർഭാവസ്ഥയിൽത്തന്നെ കണ്ടെത്തുന്നതിനായി തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിൽ പരിശോധനാ സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. സ്പൈനൽ മസ്കുലാർ അട്രോഫി, മസ്കുലാർ ഡിസ്ട്രോഫി രോഗബാധിതർക്ക് ഇലക്ട്രോണിക് വീൽച്ചെയറുകൾ ഉൾപ്പെടെയുള്ള സഹായ ഉപകരണങ്ങൾ സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന സൗജന്യമായി വിതരണം ചെയ്തുവരുന്നു.

## 10. മങ്കട ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം

ശ്രീ. മഞ്ഞളാംകുഴി അലി: മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അത്യാഹിത വിഭാഗം അനുവദിക്കാനും 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാക്കാനും സ്റ്റാഫ് പാറ്റേൺ താലൂക്കാശുപത്രിക്ക് സമാനമായി പുതുക്കി നിശ്ചയിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): മങ്കട സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ 35 സ്ഥിരം ജീവനക്കാരുടെ തസ്തികകളും എൻ.എച്ച്.എം., എൽ.എസ്.ജി.ഡി, എച്ച്.എം.സി എന്നിവ മുഖേന 13 താത്കാലിക ജീവനക്കാരുടെ സേവനവും ലഭ്യമാണ്. സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾക്ക് സർക്കാർ അംഗീകരിച്ച മാനദണ്ഡപ്രകാരം അത്യാഹിത വിഭാഗ സൗകര്യം അനുവദിക്കപ്പെട്ടിട്ടില്ലാത്തതിനാൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ തസ്തിക ടി ആശുപത്രിയിൽ നിലവിലില്ല. പ്രസ്തുത സാമൂഹ്യാരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

## VI. റിപ്പോർട്ട് സമർപ്പണം

2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ, 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിച്ചു.

## V. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും.

(i) 2021- ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ
(ii) 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ
(iii) 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബില്ലും 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബില്ലും അവതരിപ്പിക്കുന്നു; ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

## VI. ക്രമപ്രശ്നം

### 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബില്ലിലെ ന്യൂനതകൾ

ശ്രീ. അനൂപ് ജേക്കബ്: ധാതുമണൽ നിക്ഷേപത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് ഏകീകൃത നിയമം കൊണ്ടുവരാനുദ്ദേശിച്ചുള്ളതാണ് ഈ ബിൽ. തിരുവിതാംകൂർ, കൊച്ചി വിളംബരങ്ങളിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയാൽ മാത്രമേ ഏകീകൃത സ്വഭാവം കൈവരികയുള്ളൂ. കേരള അഡാപ്റ്റേഷൻ നിയമത്തിൽ ഈ രണ്ട് വിളംബരങ്ങളും ഉൾപ്പെടാത്തതിനാൽ ഭാവിയിൽ ഇത്തരത്തിലുള്ള വ്യവഹാരമുണ്ടാകാതിരിക്കാൻ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് സമഗ്രമായ ഒരു ഏകനിയമം കൊണ്ടുവരണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഭരണഘടനയുടെ ആർട്ടിക്കിൾ 294-ൽ കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകളിൽ നിക്ഷിപ്തമായിട്ടുള്ള കാര്യങ്ങളെക്കുറിച്ച് കൃത്യമായി വ്യക്തമാക്കിയിട്ടുണ്ട്. തിരുവിതാംകൂർ-കൊച്ചി മേഖലയിലെ ധാതുക്കളെല്ലാം ഗവൺമെന്റിൽ നിക്ഷിപ്തമാണെന്ന് സുപ്രീംകോടതിയും ആധികാരികമായി

വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മലബാറിൽ മേഖലർ ബന്ധപ്പെട്ട ഉടമസ്ഥനാണ് അവകാശം. കേരള ഹൈക്കോടതി വീണ്ടും ഓർഡിനൻസ് പ്രകാരം നിയമനിർമ്മാണം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ബിൽ ഭരണഘടനാവിരുദ്ധമല്ല.

**റൂളിംഗ്**

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് ഉന്നയിച്ച പ്രശ്നങ്ങളിൽ ഇനിയും വ്യക്തത വരുത്തേണ്ട കാര്യങ്ങൾ അവശേഷിക്കുന്നുണ്ടെങ്കിൽ അവ സബ്ജക്ട് കമ്മിറ്റി പരിശോധനാവേളയിലോ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിലോ പരിഹരിക്കപ്പെടാൻ കഴിയുന്നതാണ്. ബില്ലിന്റെ അവതരണത്തിനെതിരായ തടസ്സവാദം നിലനിൽക്കുന്നതല്ല.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബില്ലും 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബില്ലും വ്യവസായങ്ങളും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ

പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. പ്രതിമാസം ഒരു രൂപയായിരുന്ന അംശദായം 1998-ൽ ഭേദഗതി ചെയ്ത് 5 രൂപയാക്കി വർദ്ധിപ്പിച്ചു. സംസ്ഥാന ഗവൺമെന്റ് തുടർച്ചയായി ഗ്രാന്റ് നൽകിയാണ് ഓരോ ഘട്ടങ്ങളിലും കയർ തൊഴിലാളികളെ സംരക്ഷിച്ചിരുന്നത്. സർക്കാർ വിഹിതത്തിൽ മാറ്റമുണ്ടാകാത്ത രൂപത്തിൽ അംശദായ വർദ്ധനവാണ് ഈ ഭേദഗതിയിലൂടെ വരുത്തിയിട്ടുള്ളത്.

കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കലിനായി 2019-ൽ ഒരു ബിൽ പാസ്സാക്കിയെങ്കിലും കേന്ദ്ര ഗവൺമെന്റ് ആക്ടിൽ ഭേദഗതി വരുത്തിയതോടുകൂടി 50 കോടി രൂപ മുതൽമുടക്കുള്ള വ്യവസായസംരംഭങ്ങൾ, എം.എസ്.എം.ഇ. (Micro, Small and Medium Enterprises)-യുടെ പരിധിക്കകത്ത് വരുന്നതിനാൽ ആനുപാതികമായ മാറ്റം നമ്മുടെ നിയമത്തിൽ വരുത്തേണ്ടതുണ്ട്. 50 കോടി

രൂപയ്ക്ക് മുകളിലുള്ള നിക്ഷേപങ്ങൾക്ക് അപേക്ഷ പൂർണ്ണമാണെങ്കിൽ 7 ദിവസത്തിനുള്ളിൽ ലൈസൻസ് കൊടുക്കാം. നിലവിലെ നിയമങ്ങൾക്കനുസൃതമായി ഓൺലൈനിലൂടെയാണ് ഈ സംവിധാനം നിലവിൽ വരുന്നത്. നിയമപരമായ വ്യവസായ വളർച്ചയ്ക്കുള്ള എല്ലാ ശ്രമങ്ങളും സമയബന്ധിതമായി നിർവ്വഹിക്കുക എന്നുള്ളതാണ് ഈ നിയമം കൊണ്ട് ഉദ്ദേശിക്കുന്നത്.

തിരുവിതാംകൂർ, കൊച്ചി വിളംബരങ്ങളുടെയടിസ്ഥാനത്തിൽ അവിടത്തെ ഭൂമിയിലെ ധാതുക്കളുടെ അവകാശം സർക്കാരിൽ നിക്ഷിപ്തമായിരുന്നുവെങ്കിലും നിയമപ്രകാരം വ്യവസ്ഥ ചെയ്യാത്തതിനാൽ മലബാറിൽ ബന്ധപ്പെട്ട ഉടമസ്ഥനാണ് അവകാശം. ഹൈക്കോടതിയിൽ വീണ്ടും കേസ് വരികയും ഒരു മാസത്തിനുള്ളിൽ നിയമനിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓർഡിനൻസ് കൊണ്ടുവന്നു. ഇതു പ്രകാരം കേരളത്തിലെ എല്ലാ ധാതുക്കളുടെയും അവകാശം പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാകുന്നതാണ്.

കയർ മേഖലയിൽ കഴിഞ്ഞ ഗവൺമെന്റ് രണ്ടാം പുനഃസംഘടന നടത്തുകയുണ്ടായി. ഈ വർഷം 42.5 ശതമാനത്തോളം ചകിരി ഉല്പാദിപ്പിച്ച

വരുന്നു. ടി മേഖലയിലെ പ്രായോഗിക പ്രശ്നങ്ങളിൽ ഗവൺമെന്റ് ഇടപെടുന്നുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എൻ. ഷംസുദ്ദീൻ): I move that- This House resolves to disapprove The Kerala Coir Workers' Welfare Fund (Amendment) Ordinance, 2021 (Ordinance No. 135 of 2021).

തമിഴ്നാടിന്റെ കടന്നുകയറ്റവും യന്ത്രവത്കരണവും പുതുതലമുറയെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ സാധിക്കാത്തതും കയർ വ്യവസായം തകരുന്നതിന് കാരണമായിട്ടുണ്ട്. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ പ്രവർത്തനക്ഷമമല്ലാത്ത കയർ ഫാക്ടറികൾക്ക് സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള അംശദായം 20 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും കാലോചിതമായി തുക വർദ്ധിപ്പിക്കാൻ അധികാരം നൽകുന്നതിനുമുള്ള വ്യവസ്ഥകൂടി ബില്ലിൽ ഉൾപ്പെടുത്തണം.

ശ്രീ. സി. ആർ. മഹേഷ്: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. കയർ സഹകരണ സംഘങ്ങളിൽ ഭൂരിഭാഗവും ഇന്ന് പ്രവർത്തനരഹിതമാണ്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകുന്ന തൊഴിലാളികൾക്ക്

ഒട്ടേറെ ആനുകൂല്യങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇവ അപര്യാപ്തവും പരിമിതവുമാണ്. ക്ഷേമനിധി ബോർഡിലെ പ്രതിമാസ തൊഴിലാളി വിഹിതം 20 രൂപയായി വർദ്ധിപ്പിക്കുകയും സർക്കാർ ഗ്രാന്റ് തൊഴിലാളി വിഹിതത്തിന്റെ പകുതിയായി കുറയ്ക്കുകയും ചെയ്തിരിക്കുന്നു. ക്ഷേമനിധി ബോർഡിൽ സ്പെഷ്യൽ റൂൾ നടപ്പിലാക്കാനും സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരെ നിയമിക്കാനും പിൻവാതിൽ നിയമനങ്ങൾ തടയാനും നടപടി സ്വീകരിക്കണം. കയറ്റുമതിക്കാർ സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ക്ഷേമനിധി ബോർഡിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും കയർ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിനും തയ്യാറാകണം. ചകിരി സംഭരിക്കുന്നതിൽ കയർ സംഘങ്ങൾക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നൽകണം. കയർ തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും പെൻഷൻ അനുവദിക്കാനും നടപടി സ്വീകരിക്കണം. സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നുവെന്ന കാരണത്താൽ അർഹതപ്പെട്ട പെൻഷൻ നിഷേധിക്കുന്ന നിലപാടിൽ നിന്ന് മാറണം. കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തന ഫണ്ടും മാനേജീരിയൽ ഗ്രാന്റും വർദ്ധിപ്പിക്കുന്നതിനും ഒരു ഡീഫൈബറിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനും

നടപടി സ്വീകരിക്കണം. ഉൽപ്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ കയറിന്റെ വില വർദ്ധിപ്പിക്കാൻ തയ്യാറാകണം. കയർ വ്യവസായ സ്ഥാപനങ്ങളിൽ അപകടം സംഭവിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഇ. കെ. വിജയൻ: 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20-10-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ആഗോള കയറുല്പന്നങ്ങളുടെ മൂന്നിൽ രണ്ടുഭാഗവും ഇന്ത്യയിലാണ് ഉത്പാദിപ്പിക്കുന്നത്. കുറഞ്ഞ വേതനവും അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമാണ് ഈ മേഖല നേരിടുന്ന വെല്ലുവിളി. സാങ്കേതികവിദ്യകളുടെ നവീകരണത്തിനും വിപണിയിലെ വ്യതിയാനങ്ങൾ നിയന്ത്രിക്കുന്നതിനും സർക്കാർ ഇടപെടണം. ഉല്പന്നങ്ങളുടെ വൈവിധ്യവത്ക്കരണം ത്വരിതപ്പെടുത്തുന്നതിനും മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും പുതിയ വിപണികൾ കണ്ടെത്തുന്നതിനും ഊന്നൽ നൽകണം. ജൈവവള നിർമ്മാണത്തിനുൾപ്പെടെ ചകിരിച്ചോർ ഉപയോഗിച്ചുകൊണ്ട് വ്യാവസായികാടിസ്ഥാനത്തിലുള്ള വിപണനം കാര്യക്ഷമമാക്കണം. കയർ തൊഴിലാളികളുടെ മിനിമം കൂലി വർദ്ധിപ്പിക്കണം.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കയർ തൊഴിലാളി ക്ഷേമനിധിയുടെ മാച്ചിംഗ് ഗ്രാന്റ്/ പെൻഷൻ ഗ്രാന്റ് ഇനത്തിൽ കൂടുതൽ തുക അനുവദിക്കുകയും ക്ഷേമനിധിയിൽ അംഗമായവർക്ക് വിരമിക്കൽ ആനുകൂല്യവും തൊഴിലാളികൾക്ക് കോവിഡ് ദുരിതാശ്വാസ ധനസഹായവും നൽകുകയും ചെയ്ത നടപടി അഭിനന്ദനാർഹമാണ്. കയർമേഖലയെ പുനരുജ്ജീവിപ്പിക്കാനും ഉൽപ്പാദനരംഗത്ത് നൂതന മാർഗ്ഗങ്ങളിലൂടെ വികസനം സാധ്യമാക്കാനും കഴിഞ്ഞത് ശ്ലാഘനീയമാണ്. തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: I move that- This House resolves to disapprove The Kerala Micro, Small and Medium Enterprises Facilitation (Amendment) Ordinance, 2021 (Ordinance No.136 of 2021). 2019-ലെ നിയമത്തിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് അനുമതി നേടുന്നതിന് മൂന്നുവർഷത്തേയ്ക്ക് അനുവദിച്ച ഇളവ് അംഗീകരിച്ച് ലൈസൻസ്

നൽകുന്നതിനുള്ള നിർദ്ദേശമുണ്ടാകണം. കാസർഗോഡ് ജില്ലയിലെ വ്യവസായ ദൗർലഭ്യം പരിഹരിക്കുന്നതിനും അനന്തപുരം വ്യവസായ പാർക്കിൽ പശ്ചാത്തല വികസനം ഏർപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം. നിക്ഷേപകരോടുള്ള മനോഭാവത്തിൽ മാറ്റമുണ്ടാകുകയും കാസർഗോഡ് വികസന പാക്കേജ് നടപ്പാക്കുകയും വേണം. സംസ്ഥാനത്തിന് പുറത്ത് വ്യവസായം നടത്തുന്ന മലയാളികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കണം. കോവിഡ് പ്രതിസന്ധിയിൽ വായ്പാ ഇളവ് അനുവദിക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കണം.

ശ്രീ. എം. വിൻസെന്റ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ഷാഫി പറമ്പിൽ: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. നോട്ട് നിരോധനവും ജി.എസ്.ടി. നടപ്പാക്കിയതും കോവിഡ് പ്രതിസന്ധിയും സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രതിസന്ധിയിലെത്തിച്ചു. ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ തദ്ദേശീയർക്ക് തൊഴിലവസരങ്ങളുണ്ടാകും. ചെറുകിട സംരംഭകർക്ക് ലോ കോസ്റ്റ് ക്രെഡിറ്റ് സൗകര്യം ഉറപ്പുവരുത്തണം. ഇ-കൊമേഴ്സ് രംഗത്ത് ഓഫ്‌ലൈൻ കച്ചവടക്കാരെക്കൂടി ഉൾപ്പെടുത്തി കോമൺ പ്ലാറ്റ്ഫോം ഒരുക്കുകയും

ഗ്രാമങ്ങളിൽ ലോ കോസ്റ്റ് ഇന്റർനെറ്റ് ഫെസിലിറ്റി ലഭ്യമാക്കുകയും വേണം. കോൺട്രാക്ട് കാര്യേജുകളുടെ കളർ കോഡ് മാറ്റാനുള്ള തീരുമാനം പുനഃപരിശോധിക്കുകയും ചെറുകിട സംരംഭകർ നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് സെക്ടർവൈസ് പഠനം നടത്തുകയും ഇ-ലോജിസ്റ്റിക്സ് മാർക്കറ്റിംഗിൽ സിംഗിൾ വിൻഡോ സൗകര്യമൊരുക്കുന്നതിന് മുൻകയ്യെടുക്കുകയും ജില്ലാടിസ്ഥാനത്തിൽ ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുകയും വേണം.

ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. നജീബ് കാന്തപുരം: 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 10-04-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ചെറുകിട സൂക്ഷ്മ ഇടത്തരം വ്യവസായങ്ങളുടെ പട്ടികയിൽ വൻകിട വ്യവസായങ്ങളെ ഉൾപ്പെടുത്താനുള്ള ഭേദഗതി ചെറുകിട സംരംഭങ്ങളെ തകർക്കുന്നതും മൂലനിയമത്തിന്റെ അന്തഃസത്തയ്ക്ക് വിരുദ്ധവുമാണ്. വ്യവസായ എസ്റ്റേറ്റുകളുടെ ഭൂമിക്കുള്ള സിംഗിൾ വിൻഡോ ക്ലിയറൻസിനായുള്ള അപേക്ഷയിന്മേൽ തീർപ്പുണ്ടാക്കണം. എം.എസ്.എം.ഇ.-കൾക്ക് മാത്രമായി

ഡയറക്ടറേറ്റ് രൂപീകരിക്കുകയും റെഡ് കാറ്റഗറി സംരംഭങ്ങൾ പ്രത്യേകമായി വിജ്ഞാപനം ചെയ്യുകയും വേണം. കേരളത്തെ സംരംഭകത്വ സൗഹൃദ സംസ്ഥാനമായി മാറ്റാനും സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. വാഴൂർ സോമൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. ശശി: 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കുപുറമെ മറ്റ് വ്യവസായ സ്ഥാപനങ്ങൾക്കും അപേക്ഷ സമർപ്പിച്ച് ഏഴ് ദിവസത്തിനുള്ളിൽ ലൈസൻസും വിവിധ അംഗീകാരങ്ങളും നൽകാനുള്ള ഭേദഗതിയോടെ പുറപ്പെടുവിച്ച ഓർഡിനൻസാണ് ഇന്ന് ബില്ലായി പരിഗണിക്കുന്നത്. എം.എസ്.എം.ഇ.-യോടൊപ്പം ഇതര വ്യവസായ സ്ഥാപനങ്ങളേയും പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപവും ഉത്പാദനവും തൊഴിലവസരങ്ങളും ഉണ്ടാകാനുള്ള സാഹചര്യം സൃഷ്ടിക്കുകയെന്നതാണ് ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. ദേശീയ സമ്പദ് വ്യവസ്ഥയുടെയും സുസ്ഥിര വികസനത്തിന്റെയും നട്ടെല്ലാണ് എം.എസ്.എം.ഇ.

ഒരു ജില്ലയ്ക്ക് ഒരു എം.എസ്.എം.ഇ. എന്ന രീതിയിൽ ആരംഭിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം ആലോചിക്കണം. കയർ-കൈത്തറി-ഖാദി വ്യവസായ മേഖലകളിലും സഹകരണ മേഖലകളിലും പ്രവർത്തനരഹിതമായ കെട്ടിടങ്ങളും ഉപയോഗശൂന്യമായ ഭൂമിയും പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളും പുനരുജ്ജീവിപ്പിച്ച് എം.എസ്.എം.ഇ.കൾക്കുവേണ്ടി പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. പി. സി. വിഷ്ണുനാഥ് : I move that - This House resolves to disapprove The Kerala Minerals (Vesting of Rights) Ordinance, 2021 (Ordinance No.124 of 2021). മലബാർ മേഖലയിലെ ധാതുസമ്പത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് മാത്രമായി നിയമം കൊണ്ടുവരാതെ മൈനിംഗുമായി ബന്ധപ്പെട്ട പാരിസ്ഥിതിക വിഷയങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായ നിയമം നിർമ്മിക്കുന്ന കാര്യം പരിഗണിക്കണം.

ശ്രീ. പി. ഉബൈദുള്ള: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ഏകീകൃത നിയമമെന്ന തത്വത്തെ അട്ടിമറിക്കുന്നതാണ് പുതിയ ബിൽ. തിരുവിതാംകൂർ,

കൊച്ചി വിളംബരങ്ങളിലെ വ്യവസ്ഥകൾ ഉൾപ്പെടുത്താതെ മലബാർ മേഖലയിൽ മാത്രം ഒതുങ്ങുന്ന രീതിയിലാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഏതൊക്കെ ധാതുക്കളാണ് ഏറ്റെടുക്കുന്നതെന്നും അതിന് നൽകുന്ന നഷ്ടപരിഹാരത്തുക എത്രയെന്നത് സംബന്ധിച്ചും ബില്ലിൽ വ്യക്തമാക്കണം. കേരളത്തിലെ ധാതുസമ്പത്ത് പൂർണ്ണമായി കണ്ടെത്തുകയും അവയുടെ പഠനം നടത്തുകയും ചെയ്ത് സംസ്ഥാനത്തിന്റെ പുരോഗതിക്കായി അത് വിനിയോഗിക്കണം. കരിമണലടക്കമുള്ള ധാതുക്കൾ സ്വകാര്യവ്യക്തികൾ കയ്യേറാതെ പൊതുമേഖലയിൽ ഖനനം നടത്താനുള്ള നടപടിയുണ്ടാകണം. പൊതുമേഖലയെ സംരക്ഷിക്കാനും സംസ്ഥാന ഖജനാവിലേയ്ക്ക് കൂടുതൽ വരുമാനമുണ്ടാക്കാനും ഉപയുക്തമായ രീതിയിൽ ധാതുസമ്പത്തിനെ സംരക്ഷിക്കുകയാണ് വേണ്ടത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20-10-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മണ്ണിലെ ധാതുസമ്പത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കി ഒരു ഏകീകൃത നിയമം നടപ്പിലാക്കുന്നതിലൂടെ പാരിസ്ഥിതിക പ്രശ്നങ്ങളും

ധാതുക്കളുടെ ചൂഷണവും അവസാനിപ്പിക്കാൻ സാധിക്കും. തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിലെ മണ്ണിലെ ധാതുസമ്പത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമായതുപോലെ മലബാർ മേഖലയിലും ബാധകമാക്കാനാണ് ലക്ഷ്യമിടുന്നത്. സ്വകാര്യ വ്യക്തികളിൽ നിക്ഷിപ്തമായ മണ്ണിലെ ധാതുക്കൾ ഖനനം ചെയ്യുന്നതിലൂടെ ജനവാസകേന്ദ്രങ്ങളിലുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ നിയന്ത്രിക്കാൻ ഈ ബിൽ നിയമമാകുന്നതോടെ സാധിക്കും. ബില്ലിലെ 3-ാം വകുപ്പ് പ്രകാരം സംസ്ഥാനത്തെ മുഴുവൻ ഭൂമിയിലെയും ധാതുക്കളുടെ അവകാശം സർക്കാരിൽ നിക്ഷിപ്തമാകുമ്പോൾ സംസ്ഥാന ഖജനാവിലേയ്ക്ക് വരുമാനമുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ ധാതുസമ്പത്ത് കൊള്ളയടിക്കുന്ന മൈനിംഗ് മാഫിയകളെ നിയന്ത്രിക്കാൻ ഈ നിയമനിർമ്മാണം ഫലപ്രദമല്ല. മലബാർ പ്രദേശത്തെ ബാധകമാക്കി നിർമ്മിച്ച ടി നിയമത്തിൽ ഭാവിയിൽ നിരവധി നിയമപ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുണ്ട്. സംസ്ഥാനത്തെ ക്വാറി-ഖനന മാഫിയകൾക്ക് നിയന്ത്രണം

ഏർപ്പെടുത്തുന്നതിനും പരിസ്ഥിതിക്ക് ദോഷകരമായ പ്രവൃത്തിയിലേർപ്പെടുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും കഴിയുന്ന തരത്തിലുള്ള നിയമമാണ് കൊണ്ടുവരേണ്ടത്. പശ്ചിമഘട്ട മലനിരകളിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം സൃഷ്ടിക്കുന്ന ആഘാതം ഗൗരവമായി കാണണം. മൈനിംഗുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ ജിയോളജി വകുപ്പിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ക്വാറികളെ നിയന്ത്രിക്കുകയും ജനവാസ മേഖലയിൽ പ്രവർത്തിക്കുന്ന ക്വാറികളുടെ ദൂരപരിധി പുന:പരിശോധിക്കുകയും സർക്കാർ ക്വാറികളിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും വേണം.

ശ്രീ. പി. അബ്ദുൽ ഹമീദ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കുറുക്കോളി മൊയ്തീൻ: ഭേദഗതിയെ പിന്താങ്ങുന്നു. സംസ്ഥാനത്തെ ധാതുനിക്ഷേപങ്ങളുടെ സംരക്ഷണത്തിന് നിയമമുണ്ടാക്കേണ്ടത് അനിവാര്യമാണ്. പൊതുമേഖലയിലെ ഖനികളും വ്യവസായങ്ങളും സ്വകാര്യ മേഖലയ്ക്ക് തീറെഴുതി കൊടുക്കുന്ന സമീപനം അവസാനിപ്പിക്കണം. തിരുവിതാംകൂർ-കൊച്ചി വിളംബരങ്ങളിലെ വ്യവസ്ഥകൾ ആക്ടിൽ ഉൾപ്പെടുത്താൻ തയ്യാറാകണം. പാരിസ്ഥിതികാഘാതം

ഉണ്ടാകാതെ ധാതുഖനനത്തിന് അനുമതി നൽകാനുള്ള വ്യവസ്ഥ ബില്ലിൽ ഉറപ്പുവരുത്തണം.

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: ധാതുക്കളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് സംസ്ഥാനത്ത് ഒരു ഏകീകൃത നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി കൊണ്ടുവന്ന ബില്ലിനെ സ്വാഗതം ചെയ്യുന്നു. ഏകജാലക സംവിധാനം ഏർപ്പെടുത്തിയതും കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കാൻ തീരുമാനിച്ചതും കോവിഡ് പ്രതിസന്ധി കാലത്ത് MSME മേഖലയ്ക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചതും വ്യവസായ മേഖലയ്ക്ക് ഉണർവ്വേകി. പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി ശ്ലാഘനീയമാണ്. ധാതുസമ്പത്ത് കോർപ്പറേറ്റുകൾക്ക് കൊള്ളയടിക്കാൻ അവസരം നൽകാതെ സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലായിരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ബില്ലുകളെക്കുറിച്ച് വളരെ ഗൗരവകരമായ ചർച്ചയാണ് നടന്നത്. രണ്ടാം തലമുറ പാക്കേജ് പ്രഖ്യാപിച്ചതുവഴി കയർമേഖലയിൽ വലിയ മാറ്റമുണ്ടാക്കാൻ

സർക്കാരിന് കഴിഞ്ഞു. കയർഫെഡ് ശക്തിപ്പെടുത്തി വൻതോതിൽ ചകിരി ഉൽപ്പാദിപ്പിക്കാനും ഗുണമേന്മ മെച്ചപ്പെടുത്താനുമുള്ള നടപടി സ്വീകരിച്ചു. കയർ തൊഴിലാളികളുടെ വാർഷിക വരുമാനം വർദ്ധിപ്പിക്കാനും മിനിമം കൂലി ഉറപ്പുവരുത്താനും കഴിഞ്ഞു. മാനദണ്ഡം ലംഘിച്ച് കയർഫെഡിൽ സ്ഥിരനിയമനം നടത്തിയിട്ടുണ്ടെങ്കിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. രജിസ്റ്റർ ചെയ്യുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് അക്നോളഡ്ജ്മെന്റിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാവുന്നതും ആറുമാസത്തിനകം ലൈസൻസ് നേടുന്നതിനും ഉയർന്ന നിക്ഷേപമാണെങ്കിൽ ഏഴുദിവസത്തിനുള്ളിൽ കോമ്പോസിറ്റ് ലൈസൻസ് നേടുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, കോമൺ ഫെസിലിറ്റി സെന്റർ എന്നിവ എല്ലാ സ്ഥലത്തും നടപ്പാക്കുന്നതിനും. വ്യാവസായിക ഓൺലൈൻ പ്ലാറ്റ്ഫോം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കും. ഓരോ ജില്ലകൾക്കും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുന്നതോടൊപ്പം 'നിങ്ങളുടെ സംരംഭം നാടിന്റെ അഭിമാനം' എന്ന ക്യാമ്പയിനിലൂടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതുമാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ളതും ഉപയോഗിക്കാത്തതുമായ ഭൂമി

പ്രയോജനപ്പെടുത്തി കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കാൻ സാധിക്കുന്ന വിധത്തിലുള്ള പദ്ധതി തയ്യാറാക്കും. ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡുമായി സഹകരിച്ച് ധാതുസമ്പത്ത് പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കും. മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുകയും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കി ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ക്വാറികൾ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നതാണ്. മണ്ണെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതി മാത്രം മതിയെന്ന തരത്തിൽ ചട്ടം ഭേദഗതി ചെയ്യുന്നതാണ്.

നിരാകരണ പ്രമേയങ്ങൾ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ എന്നിവ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ

അംഗീകരിച്ചു.

ബില്ലുകൾ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയച്ചു.

(iv) 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ അവതരിപ്പിക്കുന്നു; ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

## VII. ക്രമപ്രശ്നം

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

ശ്രീ. രമേശ് ചെന്നിത്തല: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 73 പ്രകാരം സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളുടെ ധനകാര്യ മെമ്മോറാണ്ടത്തിൽ ബിൽ നിയമമാകുന്ന സാഹചര്യത്തിലുണ്ടാകുന്ന ആവർത്തന/ആവർത്തനേതര ചെലവുകളുടെ പ്രതീക്ഷിത കണക്കുകൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഈ ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ചെലവുകൾ സംബന്ധിച്ച വിവരങ്ങൾ

നൽകുന്നില്ല. പ്രസ്തുത ബില്ലിന്റെ സെക്ഷൻ 13-ൽ ബോർഡിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ശമ്പളവും അലവൻസുകളും അടക്കമുള്ള ചെലവ് പറയുന്നുണ്ട്. റൂൾ 16-ൽ നിർണ്ണയിച്ചിട്ടുള്ള പ്രവൃത്തികളും ധനപരമായ ബാധ്യതകളും ചെലവുകളും ഇതിൽ അന്തർലീനമാണ്. ബില്ലിന്റെ ഭാഗമായിട്ടുള്ള ചെലവുകൾ കൃത്യമായി പറയാത്തത് നിരുത്തരവാദപരവും നിയമസഭാ പ്രവർത്തനങ്ങളോടുള്ള അവഹേളനവുമാണ്. സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്നോ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നോ ചെലവായ തുക സംബന്ധിച്ച വിവരങ്ങൾ ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തി ബിൽ പാസ്സാക്കുന്നതിനുമുമ്പ് സഭയിൽ സർക്കുലേറ്റ് ചെയ്യണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിൽ ബോർഡിന് നൽകേണ്ട ഗ്രാന്റ്/ധനസഹായം എന്നിവയ്ക്കുള്ള തുക സർക്കാർ നിശ്ചയിച്ചിട്ടില്ലാത്തതിനാൽ മതിപ്പ് ചെലവ് മുൻകൂട്ടി കണക്കാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രതീക്ഷിത കണക്കുകൾ ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല; അതൊഴിവാക്കി ധനകാര്യ മെമ്മോറാണ്ടം സമർപ്പിക്കുന്ന കീഴ്വഴക്കവുമുണ്ട്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: കള്ള് വ്യവസായ വികസന ബോർഡിലേയ്ക്ക് ധനസഹായം/ഗ്രാന്റ് ഇനത്തിൽ നൽകേണ്ടിവരുന്ന തുക എത്രയാണെന്നതു സംബന്ധിച്ച് സർക്കാർ തീരുമാനിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തകവും അനാവർത്തകവുമായി വരാവുന്ന ചെലവ് സംബന്ധിച്ച തുക കണക്കാക്കാൻ സാധിക്കുന്നില്ലെന്ന് ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ ചേർ<u>ത്തു</u> വന്നിരുന്നതിനാൽ അത് അപാകമാണെന്ന് കാണാനാകില്ല. മാറിയ സാമൂഹ്യ സാമ്പത്തിക സാഹചര്യത്തിൽ പുതിയ നിയമനിർമ്മാണത്തിന് ഭാവിയിൽ തയ്യാറെടുക്കുന്ന വേളയിൽ അതുമൂലം ഖജനാവിന് ഉണ്ടാകാവുന്ന അധികബാധ്യത സംബന്ധിച്ച മതിപ്പ് ചെലവ് കണ്ടെത്തി ധനകാര്യ മെമ്മോറാണ്ടത്തിന്റെ ഭാഗമാക്കുന്നതായിരിക്കും ഉചിതം. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): കള്ള് വ്യവസായ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും ജീവിത സുരക്ഷ ഉറപ്പാക്കുന്നതിനും ഗുണകരമായ കള്ള് ചെത്തിയെടുക്കുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും കള്ള് ചെത്ത് വ്യവസായത്തെ നിലനിർത്തേണ്ടതിന്റെ ആവശ്യകത പരിഗണിച്ചുമാണ് കേരള കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചത്. പ്രകൃതിദത്ത പാനീയമായ കള്ളിന് കൂടുതൽ പ്രചാരണം നൽകി, തെങ്ങുകളിൽനിന്ന് നേരിട്ട് കള്ള് സംഭരിച്ച് സംസ്കരണം നടത്തി കള്ള്

ഷാപ്പുകൾക്ക് വിതരണം ചെയ്യുന്നതിനായി നിലവിലെ കള്ള് ചെത്ത് തൊഴിലാളികളെയും പുതുതായി ഈ രംഗത്തേയ്ക്ക് വരുന്നവരെയും പരിഗണിക്കുന്നതാണ്. നിലവിൽ കള്ള് ഷാപ്പുകൾ പ്രവർത്തിക്കാത്ത മേഖലയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഷാപ്പുകൾ ആരംഭിക്കാവുന്നതും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതുമാണ്. അധികമായി ഉൽപ്പാദിപ്പിക്കുന്ന കള്ളിൽനിന്ന് വിനാഗിരി, വീര്യം കുറഞ്ഞ മദ്യം തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കാനും കൂടുതൽ കള്ള് ഉൽപ്പാദിപ്പിക്കുന്ന സീസണിൽ അവ സംഭരിക്കുന്നതിനും കള്ളിന്റെ ഷെൽഫ് ലൈഫ് ഉയർത്തുന്നതിനും ആവശ്യമായ പദ്ധതികൾ ബോർഡ് ആവിഷ്കരിക്കുന്നതാണ്. കള്ള് ഷാപ്പുകൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടം നിർമ്മിച്ചുനൽകാൻ പ്രസ്തുത ബോർഡ് മുൻകയ്യെടുക്കുന്നതും അടഞ്ഞുകിടക്കുന്ന കള്ള് ഷാപ്പുകൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതുമാണ്. നിർദ്ദിഷ്ട ബോർഡ് സ്ഥാപിക്കുന്നതിലൂടെ കർഷകർ/തൊഴിലാളികൾ/കള്ള് ഷാപ്പ് നടത്തിപ്പുകാർ എന്നിവർക്ക് ഏറെ ഗുണകരമാകും.

ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. രമേശ് ചെന്നിത്തല: I move that - This House resolves to disapprove The

Kerala Toddy Industry Development Board Bill, 2021 (Ordinance No. 103 of 2021). കള്ള് ചെത്ത് തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ് ഫലപ്രദമായി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ മറ്റൊരു ബോർഡ് രൂപീകരിക്കേണ്ടതുണ്ടോയെന്ന് ആലോചിക്കണം. സംസ്ഥാനത്ത് നിലവിലുള്ള ഷാപ്പുകളിൽ നിന്ന് ലഭിക്കുന്ന കള്ളിനെ സംബന്ധിച്ച പരാതികൾ പരിശോധിക്കണം. ബോർഡിന്റെ ചുമതലയായി ബില്ലിൽ കാണിച്ചിട്ടുള്ള പല പ്രവർത്തനങ്ങളും നിലവിൽ കൃഷി വകുപ്പും നാളികേര വികസന ബോർഡും നടത്തിവരുന്നവയാണ്. കർഷകർക്ക് പരിശീലനം നൽകുന്നതിനും ഷാപ്പുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഒരു പ്രത്യേക ബോർഡിന്റെ ആവശ്യമില്ല. ഉയരംകുറഞ്ഞ അത്യുല്പാദനശേഷിയുള്ള തെങ്ങുകൾ കൃഷിഭവനുകൾ വഴി കർഷകർക്ക് വിതരണം ചെയ്താൽ കള്ള് ചെത്ത് വ്യവസായവും തൊഴിലാളികളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. മായം ചേർന്ന കള്ള് വിൽക്കുന്നുണ്ടോയെന്ന് പരിശോധിക്കാനും അത് നിയന്ത്രിക്കാനും എക്സൈസ് വകുപ്പിന് അധികാരമുള്ളതിനാൽ പ്രസ്തുത ബോർഡിന്റെ രൂപീകരണത്തിൽനിന്നും

സർക്കാർ പിന്തിരിയണം. കള്ള് ചെത്ത് വ്യവസായത്തിന്റെയും തൊഴിലാളികളുടെയും പുനരുദ്ധാരണത്തിന് പ്രായോഗികവും സാമ്പത്തികക്ഷമതയുള്ളതുമായ ബദൽ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതു പ്രകാരം <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ചെത്തുതൊഴിലാളികളെ കബളിപ്പിക്കാനാണ് സർക്കാർ ശ്രമിച്ചത്. കേരളത്തിൽ ആവശ്യത്തിന് തെങ്ങുകൾ ഇല്ലാത്തതിനാലും തൊഴിലാളികൾ ലഭ്യമല്ലാത്ത സാഹചര്യത്തിലും ഇത്തരമൊരു ബോർഡ് രൂപീകരിക്കേണ്ടതിന്റെ ആവശ്യമുണ്ടോയെന്ന് പരിശോധിക്കണം. ബാർ ഹോട്ടലുകൾക്ക് വിദ്യാലയങ്ങളുടെയും ആശുപത്രികളുടെയും സമീപത്തുനിന്നുള്ള ദൂരപരിധി 50 മീറ്ററായി കുറച്ചതുപോലെ കള്ള് ഷാപ്പുകളുടെ ദൂരപരിധിയിലും കുറവ് വരുത്താൻ ഗവൺമെന്റ് തയ്യാറാകണം. കള്ള് വ്യവസായ മേഖലയിലെ വേതനം ന്യായമായി പരിഷ്കരിച്ച് തൊഴിലാളികളെ ഈ മേഖലയിൽത്തന്നെ നിലനിർത്തുകയും കള്ളിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എൻഫോഴ്സ്മെന്റ് പരിശോധന കർശനമാക്കുകയും വേണം.

ശ്രീ. പി. ഉബൈദുള്ള ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. മാത്യു കുഴൽനാടൻ: 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 13-03-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ചാരായ നിരോധനവുമായി ബന്ധപ്പെട്ട് തൊഴിൽ നഷ്ടപ്പെട്ടവർക്ക് ആശ്വാസം നൽകുന്നതിനുതകുന്ന നടപടികൾ സ്വീകരിക്കണം.

ശ്രീമതി ഒ. എസ്. അംബിക ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ടി. പി. രാമകൃഷ്ണൻ: 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കള്ള് വ്യവസായ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും കൂലി ആകർഷകമാക്കുന്നതിനുമാവശ്യമായ പ്രായോഗിക നിർദ്ദേശങ്ങളാണ് ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. കള്ള് വ്യവസായ തൊഴിലാളികളുടെ പെൻഷനുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗം മയക്കുമരുന്നിനും അനധികൃത മദ്യ വിപണനത്തിനുമെതിരായി ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. കള്ള് വിൽപ്പനയിൽ കൃത്രിമം നടത്തുന്നതിനുള്ള സാഹചര്യങ്ങൾ

ഒഴിവാക്കുന്നതിനാവശ്യമായ നിലപാടുകളാണ് നിയമത്തിന്റെ ഭാഗമായി കൊണ്ടുവരുന്നത്. നിർദ്ദിഷ്ട ബില്ലിൽ, ബോർഡിന്റെ ഘടനയിൽ അംഗീകൃത തൊഴിലാളി യൂണിയനുകളുടെ അഞ്ച് പ്രതിനിധികൾ എന്ന വ്യവസ്ഥയും തനത് വരുമാന മാർഗ്ഗങ്ങളും വ്യക്തമായി പരാമർശിക്കണം. ട്രേഡ് യൂണിയനുകളുടെ ആവശ്യം പരിഗണിച്ച് കള്ള് ഷാപ്പുകളുടെ ദൂരപരിധി നിശ്ചയിക്കുന്ന കാര്യത്തിൽ കാലോചിതമായ മാറ്റം വരുത്തണം. അബ്കാരി ആക്ടിൽ ഭേദഗതി വരുത്തുകയും കള്ള് ഷാപ്പുകളിൽ സ്ത്രീകൾക്കും ജോലി ചെയ്യാനുള്ള സാഹചര്യമൊരുക്കുകയും വേണം.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. എ. പ്രഭാകരൻ</u>: ഭേദഗതിയെ പിന്താങ്ങുന്നു. ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളേക്കാൾ കൂടുതൽപേർ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കള്ള് ചെത്തിനാവശ്യമായ തെങ്ങുകൾ ലഭ്യമല്ലാത്തതുകൊണ്ട് തോട്ടങ്ങളെ കേന്ദ്രീകരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. കലർപ്പില്ലാത്ത കള്ള് നൽകാനും ഈ മേഖലയിലെ തൊഴിലാളികൾക്ക് മാന്യമായ വരുമാനം ലഭ്യമാക്കാനും ടോഡി ബോർഡ് നിർദ്ദേശിച്ച കാര്യങ്ങൾ അടിയന്തരമായി നടപ്പാക്കാനും നിർദ്ദിഷ്ട ബോർഡ് ആവശ്യമാണ്. ബോർഡിലെ കർഷക

പ്രതിനിധികളായി 10 കൊല്ലം പരിചയസമ്പത്തുള്ള കരിമ്പന/തെങ്ങ് ചെത്ത് തൊഴിലാളികളെ ഉൾപ്പെടുത്തണം. കൂടുതൽ കള്ളുല്പാദിപ്പിക്കുന്നതിന് ഉയരം കുറഞ്ഞ അത്യുല്പാദനശേഷിയുള്ള തെങ്ങുകൾ വച്ചുപിടിപ്പിക്കാനും പുഴയോരം, കനാൽ ഭിത്തികൾ, പുറമ്പോക്ക് എന്നീ സ്ഥലങ്ങൾ അതിനായി കണ്ടെത്താനുമാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തണം. സ്ത്രീകളുൾപ്പെടെ ഈ മേഖലയിൽ പുതുതായി വരുന്ന തൊഴിലാളികൾക്ക് പരിശീലനം നൽകുകയും തെങ്ങിലും പനയിലും കയറാനുള്ള യന്ത്രോപകരണങ്ങൾ നിർമ്മിക്കുകയും വേണം.

ശ്രീ. സി. സി. മുകുന്ദൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. വി. ആർ. സുനിൽ കുമാർ: ഭേദഗതിയെ പിന്താങ്ങുന്നു. കള്ളുപയോഗിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും ലഹരിയേതര പാനീയമെന്ന നിലയിൽ 'നീര' യെ പരിഗണിക്കാനും തയ്യാറാകണം. പരമ്പരാഗത ചെത്ത് തൊഴിൽ നിലനിർത്തുന്നതിന് ഉത്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണത്തോടൊപ്പം തൊഴിലാളികൾക്ക് നിശ്ചിത വരുമാനം ഉറപ്പുവരുത്താനും സാധിക്കണം. കള്ള് ഷാപ്പുകൾ ടോഡി ബോർഡിന്റെ കീഴിൽ കൊണ്ടുവരാനും സ്വകാര്യ ലൈസൻസികളെ ഒഴിവാക്കാനും യൂണിയൻ പ്രതിനിധികളുടെ എണ്ണം

വർദ്ധിപ്പിക്കാനും തയ്യാറാകണം. ജില്ലകളിൽ സ്റ്റൈപ്പന്റോടുകൂടി ചെത്ത് പരിശീലനം നടത്താനും അടഞ്ഞുകിടക്കുന്ന ഷാപ്പുകൾ തുറക്കുന്നതിനുള്ള ദൂരപരിധി ഏകീകരിക്കാനും മദ്യനയത്തിൽ മാറ്റം വരുത്താനും ഗവേഷണത്തിലൂടെ ഉപോത്പന്നങ്ങൾ നിർമ്മിച്ച് വിദേശ മാർക്കറ്റിലൂടെ വിപണനം നടത്താനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കിയാൽ കൂടുതലാളുകൾ ഈ മേഖലയിലേയ്ക്ക് കടന്നുവരും. ഷാപ്പുകളുടെ ദൂരപരിധിയുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്ത് തീരുമാനിക്കാം. അധികമായി ഉത്പാദിപ്പിക്കുന്ന കള്ളിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. കേരള കള്ളുവ്യവസായ വികസന ബോർഡിൽ കള്ളുചെത്ത് തൊഴിലാളികളെ ഉൾപ്പെടുത്തുന്ന കാര്യം ചർച്ച ചെയ്ത് തീരുമാനിക്കാം. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയച്ചു.

സഭ രാത്രി 7.40-ന് പിരിഞ്ഞു.

* * * * *